പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1613 03/05/2017-ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് നഷ്ടപരിഹാര അവധി

| ചോദ്യം<br><br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br><br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിലും ജോലി ചെയ്യേണ്ടി വരുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് സ്ഥാപനമേധാവിയുടെ അനുമതിയ്ക്ക് വിധേയമായി ഒരു ദിവസം നഷ്ടപരിഹാര അവധിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും നിവേദനമോ പരാതിയോ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | പരാതികൾ നിലവിലില്ല. |
| (ബി) | ശബരിമല മാസപൂജയുമായി ബന്ധപ്പെട്ട് പമ്പയിലും സന്നിധാനത്തും ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ആരോഗ്യ വകുപ്പു ജീവനക്കാർക്ക് ഇതിനുള്ള ഉത്തരവ് എത്ര ദിവസം മുൻപേ നൽകേണ്ടതാണ്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | ശബരിമല മാസപൂജയുമായി ബന്ധപ്പെട്ട് പമ്പയിലും സന്നിധാനത്തും ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള ഉത്തരവ് ശബരിമല മണ്ഡലപൂജ കഴിഞ്ഞാൽ ഉടൻ തന്നെ ഒരു വർഷത്തേയ്ക്കുള്ള ജീവനക്കാരുടെ സ്പെഷ്യൽ ഡ്യൂട്ടിക്ക് ഉള്ള ഉത്തരവ് അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് അയച്ചു കൊടുക്കുകയും ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉദ്യോഗസ്ഥരുടെ പേരുകൾ അതാത് സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടപ്രകാരം ദൂരത്തിനനുസരിച്ച് യാത്ര ചെയ്യാനുള്ള സമയം കണക്കാക്കി കൊണ്ടാണ് അതാത് സ്ഥാപനങ്ങളിൽ നിന്ന് വിടുതൽ ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (സി) | ശബരിമലമാസപൂജയ്ക്ക് വകുപ്പിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർക്ക് അർഹമായ ദിനബത്ത, യാത്രാബത്ത എന്നിവ ലഭിയ്ക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (സി) | ശബരിമല മാസപൂജയ്ക്ക് വകുപ്പിൽ നിന്നും നിയോഗിക്കുന്ന ജീവനക്കാർക്ക് ദിനബത്ത/യാത്രാബത്ത എന്നിവ കെ.എസ്. ആർ അനുശാസിക്കും പ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകാറുണ്ട്. |

**സെക്ഷൻ ആഫീസർ**